പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50

26.4.2017 -ൽ മറുപടിയ്ക്ക്

## ടൂറിസം നയം

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പുതിയ ടൂറിസം നയം ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. 2012-ൽ ആവിഷ്കരിച്ച ടൂറിസം നയത്തിന്മേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുതായി വേണ്ടുന്നത് ഉൾപ്പെടുത്തി പുതിയ ടൂറിസം വികസനത്തിനായുള്ള സമഗ്ര നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | ടൂറിസം മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | കേരള സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകത്തിനിണങ്ങുന്ന നിലയിൽ കേരളത്തിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സഹായകവും, ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് ശക്തമായ പിന്തുണ നൽകുന്നതുമായ ഒരു കേരള വിനോദസഞ്ചാര നയമാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ വികസനം, ഹോസ്പിറ്റാലിറ്റി, മാർക്കറ്റിംഗ്, പദ്ധതി രൂപീകരണം, ഉത്തരവാദിത്ത ടൂറിസം, ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വികസന പദ്ധതികൾ തുടങ്ങിയവയാണ് പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| സി) | പ്രസ്തുത നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്? | സി) | ഇതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ